# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : ആലപ്പുഴ

സ്കൂൾ കോഡ് : 35222

സ്കൂളിന്റെ പേര് : ബീച്ച്.എൽ.പി.എസ്
പുന്നപ്ര

മേൽവിലാസം : പുന്നപ്ര. P.O
ആലപ്പുഴ.

പിൻകോഡ് : 688004

ഗ്രാമപഞ്ചായത്ത് : പുന്നപ്ര തെക്ക് ഗ്രാമ
പഞ്ചായത്ത്.

വിദ്യാഭ്യാസജില്ല : ആലപ്പുഴ

സബ്ജില്ല : ആലപ്പുഴ.

ക്ലാസുകൾ : 1 മുതൽ 4 വരെ

മാനേജ്മെന്റ് : എയ്ഡഡ്

പഠനമാധ്യമം : മലയാളം.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാനദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി കൈവരിക്കൽ.

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | 12 | |
| ആൺകുട്ടികളുടെ ടോയിലറ്റ് | 1 | |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയിലറ്റ് | 3 | |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്നതരത്തിലുള്ള കുടിവെള്ള സൗകര്യം | 1 | |
| പ്രധാന അധ്യാപകമുറി | 1 | |
| ചുറ്റുമതിൽ/ഹരിതവേലി/ മറ്റു വേലികൾ | Nil | |
| കളിസ്ഥലം | നിലവിൽ കുറച്ച് ഉണ്ട് | |
| ക്ലാസ്മുറിയിൽ റാമ്പ് വിത്ത് ഹാൻഡ്റെയിൽ | 2 | |
| അടുക്കള. | 1 | |

## വിദ്യാലയത്തിലെ ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത്. |
|---|---|---|
| കമ്പ്യൂട്ടർ | | |
| ലാപ്ടോപ്പ് | | |
| പ്രൊജക്ടർ L.C.D | | |
| റേ[illegible] | | |
| ടി.വി. | | |
| ഡി.വി.ഡി. പ്ലെയർ | | |
| ഇന്റർനെറ്റ് കണക്ഷൻ | | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | | |
| ബ്ലോഗ് | | |
| ഇ. മെയിൽ ഐ.ഡി | | |
| സ്മാർട്ട് ക്ലാസ്റൂം | | |
| ഇന്ററാക്ടീവ് വൈറ്റ്ബോർഡ് | | |
| | | |
| | | |
| | | |
| | | |

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## ശക്തി

* കുട്ടികളുടെ പഠനകാര്യങ്ങളിൽ താല്പര്യമുള്ള രക്ഷാകർതൃ സമൂഹം

* ആത്മാർത്ഥയോടെ പ്രവർത്തിക്കുന്ന അധ്യാപകർ

## പരിമിതികൾ

* സ്കൂൾ ബസ്സുകൾ കുറവായതിനാൽ കുട്ടികൾ വിദ്യാലയത്തിലേക്ക് വരുന്നതിനും പോകുന്നതിനും പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

* ഇടച്ചുവരില്ലാത്ത നിരവധി ക്ലാസുമുറികൾ.

## സാധ്യതകൾ

വിദ്യാലയവികസനസമിതിയിൽ വിദ്യാസമ്പന്നരായ ധാരാളം ആളുകൾ ഉള്ളതിനാൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ശാസ്ത്രമേളകൾ എന്നിവയിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

# ആവശ്യമായ
# ഭൗതികസാഹചര്യങ്ങൾ.

* ക്ലാസ് മുറികൾ (ശിശുസൗഹൃദക്ലാസ് സ്മാർട്ട് റൂം)
* എച്ച്. എം. റൂം.
* ടോയിലറ്റുകൾ, ഗേൾസ് (ഫ, 'ലി അഡോപ്റ്റഡ്)
* റാമ്പ് & റെയിൽ സൗകര്യം
* കളിയുപകരണങ്ങൾ
* കുടിവെള്ളം
* വിതരണ കേന്ദ്രം (ഡൈനിംഗ് ഹാൾ)
* വൈദ്യുതീകരണം
* ഇടച്ചുമർ
* ചുറ്റുമതിൽ
* മാലിന്യ സംസ്കരണ സംവിധാനം (ബയോ ഗ്യാസ് പ്ലാന്റ്)
* മഴവെള്ള സംഭരണി
* ഓഡിറ്റോറിയം
* ഹരിതവിദ്യാലയം
* ലാബ്, ലാബ് സാമഗ്രികൾ
* ക്ലാസ്റൂം ലൈബ്രറി, പുസ്തകങ്ങൾ
* I. C. T. സൗകര്യങ്ങൾ (കമ്പ്യൂട്ടർ, എൽ. സി. ഡി. ഇന്ററാക്ടീവ്)
* വൈറ്റ് ബോർഡ്, ഡിജിറ്റൽ ക്ലാസ്റൂം
* പച്ചക്കറിത്തോട്ടം
* കായികക്ഷമതാ കേന്ദ്രങ്ങൾ.

## ആമുഖം

ആലപ്പുഴ ജില്ലയിലെ ചരിത്രഭൂമിയായ പുന്നപ്രയിലെ മത്സ്യമേഖലയായ ചള്ളി കടപ്പുറത്തിനടുത്തായി സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ബീച്ച് എൽ പി സ്കൂൾ. ആലപ്പുഴ വിദ്യാഭ്യാസ ഉപജില്ലയിൽ എയ്ഡഡ് മേഖലയിൽ അഖിലകേരള ധീവര സഭ നമ്പർ-51 ന്റെ നേതൃത്വത്തിൽ 1979 ജൂൺ 6 ന് തുടക്കം കുറിച്ചു. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് പാഠ്യ-പാഠ്യേതര രംഗങ്ങളിലെ മികവാർന്ന നേട്ടങ്ങൾക്കൊപ്പം മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കി വിദ്യാർത്ഥികൾക്ക് മൂല്യബോധമുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി നാടിനാകെ അഭിമാനമായി മാറിയതാണ് നമ്മുടെ വിദ്യാലയം. 2023-24 അധ്യയന വർഷാരംഭത്തിൽ മാനേജ്മെന്റ്, പി. ടി. എ, അഭ്യുദയകാംക്ഷികൾ, അധ്യാപകർ തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് 'വൺ ടേബിൾ വൺ ചെയർ' പദ്ധതി നടപ്പിലാക്കിയ സംസ്ഥാനത്തെ ആദ്യത്തെ എയ്ഡഡ് വിദ്യാലയമായി മാറാൻ നമുക്ക് കഴിഞ്ഞു.

## സ്ഥിതിവിവരം

പ്രീ-പ്രൈമറിയിൽ 47 കുട്ടികളും പ്രൈമറിയിൽ 151 കുട്ടികളുമായി ആകെ 198 കുട്ടികൾ അധ്യയനം നടത്തി വരുന്നു. എല്ലാ ദിവസവും അസംബ്ലി നടത്തുന്നു.

## സ്കൂൾ സുരക്ഷ

സ്കൂൾ സുരക്ഷയുടെ ഭാഗമായി ചുറ്റുമതിൽ നിർമ്മിക്കുകയും ഗെയിറ്റ് സ്ഥാപിച്ച് സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ട്. ചെറു ജീവികളുടെ ശല്യത്തിൽ നിന്ന് സുരക്ഷിതമാക്കുന്നതിനുവേണ്ടി സ്കൂളും പരിസരവും വളരെ വൃത്തിയായി സൂക്ഷിക്കുന്നതിൽ അധ്യാപകരും കുട്ടികളും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്ലാസ് സുരക്ഷയുടെ ഭാഗമായി എന്നും രാവിലെ അധ്യാപകർ ആദ്യം ക്ലാസുകളിൽ പ്രവേശിച്ച് നിരീക്ഷിച്ചതിനുശേഷം മാത്രമേ കുട്ടികളെ ക്ലാസ് മുറികളിൽ പ്രവേശിപ്പിച്ചിരുന്നുള്ളൂ. സ്കൂൾ കെട്ടിടത്തിനും കുട്ടികൾക്കും ഭീഷണിയായിരുന്ന മരങ്ങൾ വെട്ടി മാറ്റിയിരുന്നു.

## വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് പാഠ്യ- പാഠ്യേതര രംഗങ്ങളിലെ മികവാർന്ന നേട്ടങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മൂല്യബോധമുള്ള ഗുണമേന്മ വിദ്യാഭ്യാസം നൽകുന്നതിൽ അധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് എന്നും രാവിലെയും എല്ലാ ശനിയാഴ്ചകളിലും അധ്യാപകർ പ്രത്യേകം ക്ലാസുകൾ കൈകാര്യം ചെയ്തിരുന്നു. ക്ലാസുകളിൽ ആ കുട്ടികളെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എല്ലാ മാസവും ക്ലാസ് ടെസ്റ്റ് നടത്തുകയും

രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. മികച്ച പഠനനിലവാരം പുലർത്തുന്ന കുട്ടികളെ 'Star of Month' ആയി തെരഞ്ഞെടുത്തിരുന്നു.

## ഭൗതികസൗകര്യം സ്കൂളുകളിൽ

ഭൗതികസൗകര്യം നമ്മുടെ സ്കൂളിൽ വളരെയധികം മെച്ചപ്പെട്ടതും ഉയർന്ന നിലവാരം പുലർത്തുന്നതും ആണ്. മാനേജ്മെന്റ്, അധ്യാപകർ, P. T. A, അഭ്യുദയകാംക്ഷികൾ തുടങ്ങിയവരുടെ സഹകരണത്തോടെ പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് 'വൺ ടേബിൾ വൺ ചെയർ' പദ്ധതി നടപ്പിലാക്കി. ഓരോ ക്ലാസ്സ് മുറികളും ടൈൽ പാകി വളരെ മനോഹരമാക്കി. കുട്ടികൾക്ക് വെയിലും മഴയും ഏൽക്കാതെ അസംബ്ലി നടത്തുന്നതിന് വിശാലമായ അസംബ്ലി പന്തൽ ഉണ്ട്. കുട്ടികൾക്ക് ആവശ്യത്തിന് വൃത്തിയുള്ള ടോയിലറ്റ് സൗകര്യങ്ങൾ ഉണ്ട്.

## വിവിധ ക്ലബ്ബുകൾ.

സ്കൂളിൽ താഴെ പറയുന്ന ക്ലബ്ബുകൾ വളരെ സജീവമായി പ്രവർത്തിച്ചു വരുന്നു.

ഹെൽത്ത് ക്ലബ്ബ്

സയൻസ് ക്ലബ്ബ്

ഗണിത ക്ലബ്ബ്

കാർഷിക ക്ലബ്ബ്

ആർട്സ് ക്ലബ്ബ്

പ്രവൃത്തി പരിചയ ക്ലബ്ബ്

ഇംഗ്ലീഷ് ക്ലബ്ബ്

സ്കൂൾ സുരക്ഷാ ക്ലബ്ബ്.

ഓരോ ക്ലബ്ബിനും ഓരോ അധ്യാപകരേയും കൺവീനർമാരായും 12 കുട്ടികളെ വീതം ക്ലബ്ബ് അംഗങ്ങളായും തിരഞ്ഞെടുത്തിരുന്നു.

## ഹെൽത്ത് ക്ലബ്ബ്

ഹെൽത്ത് ക്ലബ്ബുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നിരുന്നു. കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കിയിരുന്നു. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ മാസവും ഹെൽത്ത് വിസിറ്റേഴ്സ് സ്കൂൾ സന്ദർശനത്തിന് വരുന്നുണ്ട്. ഇതുവഴി കുട്ടികളുടെ Weight Height എന്നിവ രേഖപ്പെടുത്താറുണ്ട്. കുട്ടികളുടെ കണ്ണ് പരിശോധന നടത്താറുണ്ട്. സ്കൂളിനു സമീപ ഉള്ള Health Centre ലേയും ആയുർവേദ ആശുപത്രിയിലേയും ഡോക്ടർമാരുടെ ബോധവൽക്കരണ ക്ലാസുകൾ നിരന്തരം സ്കൂളിൽ സംഘടിപ്പിക്കാറുണ്ട്. കുട്ടികളുടെ വ്യക്തി ശുചിത്വം ഉറപ്പു വരുത്താറുന്നുണ്ട്.

## കർഷക ക്ലബ്ബ്

കർഷക ക്ലബ്ബിന്റെ നേതൃത്വത്തിൽ അധ്യാപകരുടെ സഹായത്താൽ കുട്ടികൾ കൃഷി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പാവയ്ക്ക, പയർ, കോവ, പച്ചമുളക്, വെണ്ട, പപ്പായ, വാഴ എന്നിവ കൃഷി ചെയ്തു. വിളവ് ലഭിക്കുകയും ചെയ്തു. പച്ചക്കറിത്തോട്ടം വളരെ മെച്ചപ്പെട്ടതായിരുന്നു.

## ഗണിത ക്ലബ്ബ്.

ഗണിതവുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിൽ ചെയ്യുന്നുണ്ട്. ഗണിതകിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തിയിരുന്നു. ഈ അധ്യയനവർഷത്തിൽ ഗണിതക്ലബ്ബുമായി ബന്ധപ്പെട്ട് നടത്തിയ വെടിക്ക് വേദയും, ഗണിതത്തിൽ പഠനപ്രദർശനവും വൻവിജയമായിരുന്നു.

## പ്രവൃത്തി പരിചയ ക്ലബ്ബ്.

ഈ ക്ലബ്ബുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പല നിർമ്മാണ പ്രവർത്തനങ്ങളിലും പ്രവൃത്തിപരിശീലനങ്ങൾ നൽകുകയും പ്രവൃത്തിപരിചയമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്തിരുന്നു.

ഇങ്ങനെ ഓരോ ക്ലബ്ബുകളും വളരെ സജീവമായി തന്നെ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.

# Beach L P S punnapra

## അക്കാദമിക പ്ലാൻ 2025-26

| SL.No | PROGRAMME | ACTIVITY | DURATION | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1.അക്ഷരം ഉറപ്പിക്കൽ<br>2.അടയാളം ഉറപ്പിക്കൽ<br>3.അക്ഷര കാർഡ് നൽകൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.ചിത്രം-അടിക്കുറിപ്പ്<br>6.ചിത്രം-കഥ പറയൽ<br>7.ചിത്രം-കഥ എഴുതൽ<br>8.കഥ ബാക്കി എഴുതൽ<br>9.ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് | 2 months | പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>SCRT<br>PTA<br>Teachers |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാര നാക്കുക | പ്രത്യേകം ക്ലാസ്സ്<br>10.ചിഹ്നം ഉറപ്പിക്കൽ<br>11.പദ നിർമ്മാണം<br>12.വാക്യനിർമ്മാണം<br><br>1.വായനാമൂല<br>2.ക്ലാസ് ലൈബ്രറി<br>3.സ്കൂൾ ലൈബ്രറി<br>4.സമീപ ഗ്രന്ഥശാലയിൽ അംഗത്വം<br>5.വായനോത്സവം സംഘടിപ്പിക്കൽ<br>6.പത്രവായന<br>7.അമ്മ വായന<br>8.പുസ്തകചർച്ച | 6months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ | school management committee<br><br>TEACHER |

| | | | | | |
|---|---|---|---|---|---|
| 3 | | 9.വായനാനുഭവം പങ്കുവയ്ക്കൽ<br>10.സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം<br>11.വായന സാമഗ്രികൾ വികസിപ്പിക്കൽ<br>12.സംയുക്ത ഡയറി<br>13.സർഗ്ഗാത്മക ഡയറി<br>14.രചനാ പരിചയക്കുറിപ്പ് | 4month | ലൈബ്രറി<br>ഗ്രന്ഥശാല | school management committee |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1.എഴുത്തു കൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3.ക്ലാസ്സ് ലൈബ്രറി<br>4.ഇൻലന്റ് മാഗസിൻ<br>5.ചുമർപത്രിക | 6month | | ജനപ്രാതിനിധി<br>Teachers |

| | | | | |
|---|---|---|---|---|
| | | 6.പതിപ്പ് തയ്യാറാക്കൽ<br>7.ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | |
| 4 | **Lack of LSRW** | 1.English Assembly<br>2.Spoken English Class<br>3.English fest<br>4.Add more Lines<br>5.Story Writing<br>6.Skit.......etc | 6month | മഞ്ചാടിക്കുരു പുളിങ്കുരു തുടങ്ങിയവ പഠനോപകരണങ്ങൾ ഏണിയും പാമ്പും | PTA<br>Teachers<br>Story books<br>BRC |
| 6 | | 1.സങ്കലന ഗുണനപ്പട്ടികകൾ ചിത്രീകരിക്കുക<br>2.ഗണിത ലാബ്<br>3.എടുത്തുമാറ്റാം<br>4.പാമ്പും കോണിയും<br>5. ഗണിത കേളികൾ | 5month | പരീക്ഷണത്തിന് ആവശ്യമായ സാമഗ്രികൾ പഠനോപകരണങ്ങൾ....etc | PTA<br>school management committee<br>Teachers |

| | | | | | |
|---|---|---|---|---|---|
| | സംഖ്യാബോധം ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 6.വിപണനമേള<br>7.വീട്ടിൽ ഒര ഗണിതലാബ് | | | |
| | ശാസ്ത്രാഭിരുചി യുടെ അഭാവം | 1.ലഘു പരീക്ഷണ ശില്പശാല<br>2.ശാസ്ത്ര പ്രദർശനം<br>3.ശാസ്ത്രക്ലബ്ബ്<br>4.ഫീൽഡ് ട്രിപ്പ്<br>5.പഠനോപകരണ നിർമ്മാണം<br>6.ആരോഗ്യ ശുചിത്വ മാഗസിൻ<br>7. ശുചിത്വ ബോധവൽക്കരണ ക്ലാസ്സ്<br>8.ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | | പോഷകാഹാരങ്ങൾ | school management committee Teachers PTA<br><br>school management committee Teachers PTA |

| | | | | | |
|---|---|---|---|---|---|
| | | 9.പോഷകാഹാരങ്ങൾ<br>ഉൾപ്പെടുത്തിയുള്ള<br>ഭക്ഷ്യമേള<br>10.സ്കൂൾ സമീപത്തെ<br>മലിനമായ<br>ജലാശയങ്ങൾ<br>കണ്ടെത്തി<br>അധികാരികളെ(seed,പ<br>ഞ്ചായത്ത്)എന്നിവിടങ്ങ<br>ളിൽ അറിയിക്കുക<br>റിപ്പോർട്ട് നൽകുക | | | seed |